HOW HEIGHT
Increases upto 35 years with
HERBO-HEIGHT-THERAPY
Height increses there from
Medical refuses where from
■ Height known as natural stop / bone-fusion is not final stop. Herbo-Height-Therapy has confirmed it as premature halt with due premature values of height gainable further around 5 to 10 cms more in 1 year, free from age-bar, side-effects and exercises upto 35 years.
■ This concept has honoured with AWARD, not proved false under Judicial, Consumer, Demo Challenges. Over 50000 beneficiaries. 4th decade in service on scale satisfaction.
■ Herbo-Height-Therapy helps to gain 1.5 to 2.5 cms in short-C-3-M Rs. 7,300/-. Monthly Rs. 2,500/-
Send Self Add. Stamp env. for details :
DR. BAGGA
Bazar Lal Kuan (Op. Koocha Pandit)
Delhi-6 ✆ 09313 262426, 011-23262426
(Near Chawri Bazar Metro Station)
www.herboheight.com

# മാതൃഭൂമി

സ്ത്രീകൾക്ക് മാത്രം
സ്ത്രീകൾക്ക് അസ്ഥിസ്രാവം (വെള്ളപോക്ക്) മൂലം ഉണ്ടാകുന്ന തളർച്ച, ഉത്സാഹക്കുറവ്, അടിവയറ്റിലെ വേദന, മൂത്ര കടച്ചിൽ, നടുവേദന, വയർകാളൽ തുടങ്ങിയ അസുഖങ്ങൾ ചികിത്സിക്കാതിരുന്നാൽ സൗന്ദര്യവും ശരീരപുഷ്ടിയും നഷ്ടപ്പെട്ട് മെലിയാം. വൃന്ദാടോൺ ആയുർവ്വേദ സിറപ്പ് ഈ പ്രശ്നങ്ങൾ പരിഹരിച്ച് ശരീരത്തിന് കുളിർമ നൽകുന്നു. ആദ്യ ബോട്ടിലിൽ തന്നെ വ്യത്യാസം. പാർശ്വഫലങ്ങളില്ല.
സംശയങ്ങൾക്ക് ലേഡി ഡോക്ടർ 9544414462

FAROOK COLLEGE
DATE.........
P. WT
FAROOK COL

2009 ആഗസ്റ്റ് 3 തിങ്കളാഴ്ച
1184 കർക്കടകം 18
Mathrubhumi, The National Daily in Malayalam
കോഴിക്കോട് ◆ പേജ് 22 ◆ വില രൂപ 4.00
Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Palakkad ◆ Mumbai ◆ Chennai ◆ Bangalore ◆ Delhi
www.mathrubhumi.com

## പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾക്ക് കേരളം നിറമിഴികളോടെ വിട നൽകി



പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ മൃതദേഹം പാണക്കാട് ജുമാമസ്ജിദ് ഖബർസ്ഥാനിൽ സംസ്കരിക്കാൻ ഒരുങ്ങുന്നു. കേന്ദ്രമന്ത്രി ഗുലാംനബി ആസാദ്, രമേശ് ചെന്നിത്തല, ഉമ്മൻചാണ്ടി, കെ.എം. മാണി, നിയമസഭാ സ്പീക്കർ കെ. രാധാകൃഷ്ണൻ, മന്ത്രി എൻ.കെ. പ്രേമചന്ദ്രൻ, പി.കെ. കുഞ്ഞാലിക്കുട്ടി, ഇ.ടി. മുഹമ്മദ് ബഷീർ തുടങ്ങിയവർ സമീപം – ഫോട്ടോ: കെ. അബൂബക്കർ

# ഇനി...
# ജനഹൃദയങ്ങളിൽ





ശിഹാബ് തങ്ങൾക്ക് അന്ത്യോപചാരം അർപ്പിക്കാൻ മലപ്പുറം ടൗൺഹാളിന് മുന്നിൽ തടിച്ചുകൂടിയവർ
- ഫോട്ടോ: ജെ. ഫിലിപ്പ്

ഫോട്ടോഗ്യാലറി, വീഡിയോ
www.mathrubhumi.com

# ഒരുനോക്കു കാണാൻ ജനസഞ്ചയം

അശോക് ശ്രീനിവാസ്

**മലപ്പുറം:** ജനലക്ഷങ്ങളുടെ വിതുമ്പലുകളുടെയും നിറമിഴികളുടെയും അകമ്പടിയിൽ പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾക്ക് കേരളം വിടനൽകി. പാണക്കാട് ജുമാമസ്ജിദ് ഖബർസ്ഥാനിൽ വൈകിട്ട് മൂന്നുമണിയോടെ അദ്ദേഹത്തിൻെറ ഭൗതികശരീരം അടക്കംചെയ്യുമ്പോൾ ഒരുനോക്കുകാണാൻ ഒഴുകിയെത്തിയവരെക്കൊണ്ട് മലപ്പുറത്തെ എല്ലാ പാതകളും നിറഞ്ഞിരുന്നു.

സംസ്ഥാന സർക്കാരിൻെറ ഔദ്യോഗിക ബഹുമതികളുടെ അകമ്പടിയോടെയാണ് ഞായറാഴ്ച ഉച്ചയ്ക്ക് മൂന്നുമണിക്ക് ജനനായകൻെറ മൃതദേഹം മണ്ണിനോട് ചേർന്നത്. അണമുറിയാത്ത ജനസഞ്ചയത്തിൻെറ പ്രാർഥനകൾക്കിടയിൽ സഹോദരൻ ഹൈദരലി ശിഹാബ്തങ്ങളാണ് മയ്യിത്ത് നമസ്കാരത്തിന് നേതൃത്വംനൽകിയത്.

ശനിയാഴ്ച രാത്രിയിലെ ജനപ്രവാഹം ഞായറാഴ്ച രാവിലെയായതോടെ വൻ സാഗരമായി മാറി. അക്ഷരാർഥത്തിൽ മലപ്പുറത്തേക്ക് ജനങ്ങൾ ഒഴുകുകയായിരുന്നു. രാവിലെ ഏഴുമണിയോടെ മൃതദേഹം മലപ്പുറം മുനിസിപ്പൽ ടൗൺഹാളിൽ പൊതുദർശനത്തിന് വെച്ചു. ടൗൺഹാളിലും പരിസരത്തും അപ്പോഴേക്കും സൂചികുത്താനിടമില്ലാത്തവിധം ജനം തിങ്ങിനിറഞ്ഞുകഴിഞ്ഞിരുന്നു. ആത്മീയനേതാവിനെ ഒരുനോക്കുകാണാൻ മണിക്കൂറുകളോളം ജനങ്ങൾ ക്യൂ നിന്നു.

മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, ശിഹാബ് തങ്ങളുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന കേന്ദ്രമന്ത്രി ഗുലാംനബി ആസാദ്, മന്ത്രിമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക രംഗത്തെ പ്രമുഖർ, മതപണ്ഡിതർ എന്നിവർ ഉച്ചയ്ക്ക് രണ്ടുമണിവരെ ടൗൺഹാളിലെത്തി അന്തിമോപചാരം അർപ്പിച്ചു. ഓരോ 15 മിനിറ്റിലും മൃതദേഹംവെച്ച ടൗൺഹാൾ പരിസരത്തുതന്നെ മയ്യിത്ത് നമസ്കാരം നടത്തി ജനക്കൂട്ടത്തിന് പ്രാർഥനയ്ക്ക് സംഘാടകർ സൗകര്യമൊരുക്കി. അന്തിമോപചാരത്തിനെത്തിയ വിവിധ മതനേതാക്കൾതന്നെ അവിടെ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വംനൽകി. ജനസഞ്ചയത്തെ നിയന്ത്രിക്കുന്നതിൽ പോലീസിനോടൊപ്പം മുസ്ലിംലീഗ് പ്രവർത്തകരും ഒത്തൊരുമിച്ച് നീങ്ങി. എല്ലാറ്റിനും നിർദേശംനൽകി പി.കെ. കുഞ്ഞാലിക്കുട്ടിയും ലീഗ് നേതാക്കളും മൃതദേഹത്തിനരികെയുണ്ടായിരുന്നു.

അഞ്ചുമണിക്കൂർ നീണ്ട പൊതുദർശനത്തിനുശേഷവും മൃതദേഹം ഒരുനോക്ക് കാണാനാവാതെ ആയിരങ്ങളാണ് വഴിയരികിൽ പ്രാർഥനകളോടെ നിന്നത്.

**സൂര്യൻ സാക്ഷി; പൂനിലാവ് ഇനി ഓർമ - 8,9**

## പനി: കോഴിക്കോട്ട് മൂന്നുപേർകൂടി മരിച്ചു

**കോഴിക്കോട്:** പനിബാധിച്ച് കോഴിക്കോട് ജില്ലയിൽ മൂന്നുപേർകൂടി മരിച്ചു. മാക്കൂൽപീടികയിലെ എടത്തുംമീത്തൽ ഷഫീഖ്(19), പയ്യോളി തുറയൂരിൽ നടക്കൽ കൃഷ്ണൻ (56), തിക്കോടിയിൽ പുറക്കാട് വടക്കെവളപ്പിൽ കണാരൻ(70) എന്നിവരാണ് മരിച്ചത്.

ഷഫീഖ്ഒരാഴ്ചയിലേറെയായി ചികിത്സയിലായിരുന്നു. ശനിയാഴ്ച രാത്രി സ്വകാര്യ ആസ്പത്രിയിൽ വെച്ചായിരുന്നു മരണം. വടകര സിറ്റിടവറിലെ മൊബൈൽഷോപ്പ് ഉടമയാണ്. കുഞ്ഞബ്ദുള്ളയുടെയും വില്യാപ്പള്ളിയിലെ താനിയുള്ളതിൽ നബീസയുടെയും മകനാണ്. ഷിഹാബ് (ബഹ്റൈൻ), ഷബീർ എന്നിവർ സഹോദരന്മാരാണ്.

കൃഷ്ണൻെറ മരണത്തോടെ തുറയൂരിൽ പനിപിടിച്ച് മരിച്ചവർ നാലായി. നാലുദിവസമായി വടകര സഹകരണ ആസ്പത്രിയിൽ ചികിത്സയിലായിരുന്നു. ഭാര്യ: ലീല. മക്കൾ: കിഷോർ, കൃപേഷ് (ദുബായ്), ലിൻസി. ശവസംസ്കാരം തിങ്കളാഴ്ച 9ന് ചിറക്കര ശ്മശാനത്തിൽ.

കണാരൻ ഒരാഴ്ചയായി ചികിത്സയിലായിരുന്നു. ഭാര്യ: നാരായണി. മക്കൾ: വിമല, പരേതനായ രവി, ഉഷ, പരേതയായ ഗീത. മരുമകൾ: റീന. സഞ്ചയനം ബുധനാഴ്ച.

# ഹൈദരലി ശിഹാബ് തങ്ങൾ ലീഗ് പ്രസിഡൻറാകും

## താത്കാലിക ചുമതല

**മലപ്പുറം:** ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിൻെറ അമരത്തേക്ക് ഇനി ഹൈദരലി ശിഹാബ് തങ്ങൾ. പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ വിയോഗത്തോടെ ആര് നേതൃത്വം വഹിക്കും എന്ന ചോദ്യങ്ങൾ അപ്രസക്തമാക്കിക്കൊണ്ടാണ് കൊടപ്പനയ്ക്കൽ തറവാട്ടിൽ ഞായറാഴ്ച വൈകിട്ട് ചേർന്ന ലീഗ് സെക്രട്ടേറിയറ്റ് യോഗം ഹൈദരലി ശിഹാബ് തങ്ങൾക്ക് സംസ്ഥാന പ്രസിഡൻറിൻെറ താത്കാലിക ചുമതല നൽകിയത്. മുസ്ലിം ലീഗിൻെറ ഭരണഘടനാപരമായ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതിനാലാണ് താത്കാലിക ചുമതല മാത്രം ഇപ്പോൾ നൽകിയതെന്നാണ് ലീഗിൻെറ നേതാക്കൾ നൽകുന്ന സൂചന.



ഹൈദരലി ശിഹാബ് തങ്ങൾ

സംസ്ഥാന കൗൺസിൽ ചേർന്ന് ഭാവി പരിപാടികൾക്ക് രൂപം നൽകും. അതോടൊപ്പം മുഹമ്മദലി ശിഹാബ് തങ്ങളുടെ അനുജനായ ഹൈദരലി ശിഹാബ് തങ്ങൾക്ക് പ്രസിഡൻറിൻെറ പൂർണ ചുമതല നൽകുമെന്നാണ് കരുതുന്നത്.

ലീഗ് നേതൃത്വത്തിലേക്ക് ഇനി ആര് എന്ന ചോദ്യം ഉയരും മുമ്പുതന്നെ തികച്ചും രാഷ്ട്രീയമായ നീക്കമാണ് മുസ്ലിം ലീഗ് നടത്തിയത്. തങ്ങൾ കുടുംബത്തിന് തന്നെ ലീഗിൻെറ സാരഥ്യം ഏല്പിച്ചുകൊടുത്തതോടെ മറ്റു സംശയങ്ങൾക്കുള്ള പഴുത് അടയ്ക്കുകയാണ് നേതൃത്വം ചെയ്തിരിക്കുന്നത്. അതോടൊപ്പം പാർട്ടിയുടെ പാരമ്പര്യം കാത്തുസൂക്ഷിക്കാനും ഈ തീരുമാനത്തിലൂടെ ലീഗിന് കഴിഞ്ഞു.

ഞായറാഴ്ച നടന്ന സെക്രട്ടേറിയറ്റിൻെറ തീരുമാനങ്ങൾ ലീഗിൻെറ അഖിലേന്ത്യാ പ്രസിഡൻറ് ഇ. അഹമ്മദാണ് മാധ്യമ പ്രവർത്തകരെ അറിയിച്ചത്. ലീഗിൻെറ പ്രസിഡൻറ് സ്ഥാനം തങ്ങൾ കുടുംബത്തിൽനിന്നുതന്നെയാകണമെന്ന കീഴ്വഴക്കം പാർട്ടിയിലുണ്ടെന്നും അഹമ്മദ് വ്യക്തമാക്കി.

മുസ്ലിം ലീഗിൻെറ മലപ്പുറം ജില്ലാ പ്രസിഡൻറായ ഹൈദരലി ശിഹാബ് തങ്ങൾ സംസ്ഥാന സെക്രട്ടേറിയറ്റംഗം കൂടിയാണ്.

അടുത്ത രണ്ടുമാസത്തേക്ക് ലീഗിൻെറ പൊതുപരിപാടികൾ മാറ്റിവെച്ചതായി സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടി അറിയിച്ചു. അതേസമയം ദുരിതാശ്വാസ പ്രവർത്തനങ്ങൾ സജീവമാക്കും. 'ശിഹാബ് തങ്ങൾ റിലീഫ് സെൽ' എന്ന പേരിലായിരിക്കും ലീഗിൻെറ റിലീഫ് പ്രവർത്തനങ്ങൾ നടക്കുകയെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

## ◆ കാകദൃഷ്ടി ◆

സി.ബി.ഐ വേട്ടയാടുന്നു -ബൂട്ടാസിങ്





ഉണ്ടയുണ്ടോ സഖാവേ തോക്കെടുക്കാൻ ?

KSFE
സമ്മാനപ്പെരുമഴ
7 മാരുതി ആൾട്ടോ കാറുകളും
5000 (5 kg) സ്വർണ്ണ നാണയങ്ങളും
KSFE പൊന്നോണ ചിട്ടികൾ
എല്ലാ ശാഖകളിലും
Toll Free No:
1800 425 3455
Visit Website : www.ksfe.com

ഇംഗ്ലീഷ് മരുന്നുകൾ
13% ന് മേലെ ഡിസ്കൗണ്ട്
സേവന മെഡിസിൻസ്
1. ഇ.എം.എസ്. സ്റ്റേഡിയം കോംപ്ലക്സ് ഇൻഡോർ സ്റ്റേഡിയത്തിന് അടുത്ത് ✆ 9287213194
2. ഗോൾഡൻ ചേംബർ ബിൽഡിംഗ് ജയ ഹോട്ടലിന് എതിർവശം, കണ്ണംകുളം റോഡ് തളി ✆ 9287212250
SUNDAY HOLIDAY

SELECTED Superbrand INDIA 2009-10 CONSUMER VALIDATED
बैंक ऑफ़ बड़ौदा
Bank of Baroda
India's International Bank



ഓൺലൈൻ ആകാൻ കഴിയുമ്പോൾ എന്തിന് ലൈനിൽ നിൽക്കണം?

ഇന്റർനെറ്റ് ബാങ്കിംഗ് | എനി ബ്രാഞ്ച് ബാങ്കിംഗ് | ഫോൺ ബാങ്കിംഗ്

ഇന്റർനെറ്റ് ബാങ്കിംഗ് : അക്കൗണ്ട് സ്റ്റേറ്റ്മെന്റ് എടുക്കാം. • ചെക്ക് ബുക്ക് ഓർഡർ ചെയ്യാം • പലിശനിരക്കുകൾ പരിശോധിക്കാം • പണം ട്രാൻസ്ഫർ ചെയ്യാം* • യൂട്ടിലിറ്റി ബില്ലുകൾ അടയ്ക്കാം • റെയിൽ ടിക്കറ്റുകൾ വാങ്ങാം

ഫോൺ ബാങ്കിംഗ് : അക്കൗണ്ട് ബാലൻസ് അന്വേഷണങ്ങൾ • ചെക്ക് സ്റ്റാറ്റസ് അന്വേഷണങ്ങൾ • ലോൺ അക്കൗണ്ടിനെപ്പറ്റിയുള്ള അന്വേഷണങ്ങൾ • ബാങ്കിന്റെ പ്ലാനുകൾ / ബാങ്കിന്റെ ശാഖ, എടിഎം എന്നിവയുടെ സ്ഥാനങ്ങൾ/പലിശനിരക്കുകൾ തുടങ്ങിയ വിവരങ്ങൾ

ഇന്റർനെറ്റ് ബാങ്കിംഗ് :
› ഇന്റർനെറ്റ് ബാങ്കിംഗ് സൗകര്യത്തിന് നിങ്ങളുടെ ബാങ്ക് ഓഫ് ബറോഡ ശാഖയിൽ അപേക്ഷിക്കുക
› ബാങ്ക് ശാഖയിൽനിന്നും യൂസർ ഐഡി/പാസ്സ്വേർഡ് വാങ്ങിയ ശേഷം www.bobibanking.com-ൽ ലോഗിൻ ചെയ്യുക
› ബറോഡ-നെക്സ്റ്റ് ബാങ്കിംഗ് ആസ്വദിക്കുക.

ഫോൺ ബാങ്കിംഗ് :
› 1-800-22-2207 (ടോൾ-സൗജന്യം) ഡയൽ ചെയ്യുക
› പൊതു അന്വേഷണങ്ങൾക്ക്, ഫോൺ ബാങ്കിംഗ് നിർദേശങ്ങൾ (ഐവിആർഎസ്) അനുസരിക്കുക
› അക്കൗണ്ടിന് പ്രത്യേകമായുള്ള വിവരങ്ങൾക്ക് നിങ്ങളുടെ ബാങ്ക് ഓഫ് ബറോഡ ശാഖയിൽ 4-അക്കമുള്ള ടി-പിന്നിന് (T-PIN) അപേക്ഷിക്കുക.

ഇനി എങ്ങനെയാണ് നിങ്ങൾ ബാങ്കിംഗ് ഇടപാടുകൾ നടത്തുക ?

BARODA next
STATE-OF-THE-ART. STRAIGHT FROM THE HEART.

ടോൾ ഫ്രീ നമ്പർ: 1-800-22-4447
www.bankofbaroda.com



# സൂര്യൻ സാക്ഷി; പ



കേന്ദ്രമന്ത്രിമാരായ ഗുലാം നബി ആസാദും ഇ. അഹമ്മദും അന്ത്യോപചാരമർപ്പിക്കുന്നു

സിറാജ് കാസിം

**മിൻഹാ ഹലക്ക്നാക്കും**
**വഫീഹാനുഹീദുക്കും**
**വമിൻഹാ നുഖ്രിജുക്കും**
**ദാറത്തൻ ഉഖ്റാ...**

(മണ്ണിൽനിന്ന് നാം നിങ്ങളെ സൃഷ്ടിച്ചു. മണ്ണിലേക്കുതന്നെ നാം നിങ്ങളെ മടക്കി. മണ്ണിൽനിന്നുതന്നെ നിങ്ങളെ നാം പുനർജനിപ്പിക്കുകയും ചെയ്യും)

ഇമാമിൻെറ വചനങ്ങൾ ആയിരങ്ങളുടെ കണ്ഠങ്ങൾ ഏറ്റുചൊല്ലുമ്പോൾ പാണക്കാട് ജുമാമസ്ജിദിലെ ഖബർസ്ഥാനിലേക്ക് ശിഹാബ്തങ്ങൾ യാത്ര തുടങ്ങിയിരുന്നു. ളുഹറിനും അസറിനുമിടയിലെ മധ്യാഹ്നത്തിൽ കത്തുന്ന സൂര്യനെ സാക്ഷിയാക്കി മുസ്ലിം സമുദായത്തിൻെറ പൂനിലാവ് ആറടി മണ്ണിൻെറ അവകാശിയായി.

‘ലാ ഇലാഹ ഇല്ലള്ളാ’ എന്ന ദൈവസൂക്തങ്ങളാൽ മുഖരിതമായ ഖബറിടത്തിൽ ഒരുപിടി മണ്ണിടാൻ ആയിരങ്ങളുടെ തിക്കും തിരക്കും. നാനൂറിലധികം മഹല്ലുകളുടെ ഖാസിയായിരുന്ന ശിഹാബ്തങ്ങൾ ഇനി ജ്വലിക്കുന്ന ഓർമ മാത്രം.

പ്രഖ്യാപിച്ചതിലും നേരത്തെ തങ്ങളുടെ മയ്യിത്ത് പള്ളിയിലേക്കെടുത്തപ്പോൾ സൂചികുത്താനിടമില്ലാത്തവിധം പള്ളിയും പരിസരവും ജനനിബിഢമായിരുന്നു. നമസ്കാരത്തിന് എല്ലാവർക്കും സൗകര്യം ചെയ്തുകൊടുക്കണമെന്ന ഇമാമിൻെറ മൈക്കിലൂടെ ആവർത്തിച്ചുള്ള അനൗൺസ്മെൻറ് ദിഖ്റുകളുടെ സാഗരത്തിൽ അലിഞ്ഞുപോയി. പോലീസ് വലയംഭേദിച്ച് പള്ളിയിലേക്ക് കയറാൻ നൂറുകണക്കിനാളുകൾ അപ്പോഴും തിരക്ക് കൂട്ടുന്നുണ്ടായിരുന്നു.

പള്ളിയുടെ മൂന്ന് നിലകളും നിറഞ്ഞുകവിഞ്ഞ് ടെറസിലേക്കും നീണ്ട ജനസഞ്ചയത്തെ സാക്ഷിയാക്കി ഇമാം തക്ബീർ ചൊല്ലി കൈകെട്ടുമ്പോൾ സമയം 2.34. ‘അള്ളാഹു അക്ബർ’ എന്ന തക്ബീറു



# കുഞ്ഞാലിക്കുട്ടി

പ്രിയ നേതാവിൻെറ അപ്രതീക്ഷിത മരണത്തിലും ആത്മനിയന്ത്രണം വിടാതെ ആദ്യന്തം എല്ലാം നിയന്ത്രിച്ച് നിറഞ്ഞുനിന്നത് പി.കെ.കുഞ്ഞാലിക്കുട്ടിയെന്ന പാണക്കാടിൻെറ കുഞ്ഞാപ്പ. ശിഹാബ് തങ്ങളുടെ മരണം മുതൽ അന്ത്യകർമങ്ങളവസാനിക്കും വരെ നീണ്ട 20 മണിക്കൂറുകൾ അണപൊട്ടിയൊഴുകിയ അണികളെ നിയന്ത്രിച്ചും തങ്ങളുടെ കുടുംബവുമായാലോചിച്ച് തീരുമാനങ്ങളെടുത്തും കുഞ്ഞാലിക്കുട്ടി കാര്യങ്ങൾ നിയന്ത്രിച്ചു.

തങ്ങളുടെ മരണം സംഭവിച്ച് സെക്കൻറുകൾക്കകം മലപ്പുറത്തെ ആസ്പത്രിയിൽ കുഞ്ഞാലിക്കുട്ടി എത്തിയിരുന്നു. പ്രിയപ്പെട്ട നേതാവിൻെറ മരണവാർത്ത വിശ്വസിക്കാനാവാതെ പ്രവർത്തകർ പൊട്ടിക്കരഞ്ഞുകൊണ്ട് ആസ്പത്രിയിലേക്ക് പ്രവഹിച്ചപ്പോൾ അവരെ ആശ്വസിപ്പിക്കാനും നിയന്ത്രിക്കാനും കുഞ്ഞാലിക്കുട്ടി മുന്നിൽനിന്നു.

കൊടപ്പനയ്ക്കലേക്കുള്ള ജനപ്രവാഹത്തിൽ വലിയങ്ങാടിയിൽനിന്ന് ഒരിഞ്ച് മുന്നോട്ടുപോകാൻ കഴിയാതെ വാഹനങ്ങളും യാത്രക്കാരും കുടുങ്ങി. ശിഹാബ് തങ്ങളുടെ മകളും ബന്ധുക്കളുമുൾപ്പെടെയുള്ളവർ പോലും ഈ തിരക്കിൽ കുടുങ്ങി. പൊതുദർശനത്തിന് സൗകര്യം ഏർപ്പെടുത്തുന്നതിനെക്കുറിച്ചുള്ള ആലോചനകളിൽ മലപ്പുറം കോട്ടപ്പടി മൈതാനത്ത് സൗകര്യമൊരുക്കാനായിരുന്നു ആദ്യ തീരുമാനം. മഴ കാരണം ഇതുമാറ്റി ടൗൺഹാളിലേക്കാക്കി.


കാലത്ത് സുബ്ഹി നമസ്കാരാനന്തരം മലപ്പുറം ടൗൺ ഹാളിലേക്ക് തങ്ങളുടെ മൃതദേഹം കൊണ്ടുവരുന്നതിനും നേതൃത്വംകൊടുത്തത് കുഞ്ഞാലിക്കുട്ടി തന്നെ. കാലത്ത് ആറുമണി മുതൽ ജനത്തിരക്ക് നിയന്ത്രിക്കാൻ ഉച്ചഭാഷിണിയിലൂടെ നിർദേശങ്ങൾ നൽകി. ഒരു വശത്ത് തിരക്ക് നിയന്ത്രിക്കുന്നതോടൊപ്പം മൃതദേഹത്തിനരികിലെത്തുന്ന വിശിഷ്ടാതിഥികളെ സ്വീകരിക്കുകയും ചെയ്തു.

തിരക്ക് നിയന്ത്രണം വിടുമ്പോൾ ബാരിക്കേഡിൽ ചവിട്ടി നിന്ന് കുഞ്ഞാലിക്കുട്ടി കർശനമായ നിർദേശങ്ങളാണ് പ്രവർത്തകർക്ക് കൊടുത്തുകൊണ്ടിരുന്നത്.

അബ്ദുസ്സമദ് സമദാനി, അബ്ദുറഹിമാൻ രണ്ടത്താണി എം.എൽ.എ, പി.അബ്ദുൽഹമീദ്, മലപ്പുറം മുനിസിപ്പൽ ചെയർമാൻ കിളിയമണ്ണിൽ യൂക്കൂബ്, കെ.പി.എ.മജീദ്, പി.ഉബൈദുള്ള എന്നിവരും രംഗത്തുണ്ടായിരുന്നു.

തിരക്ക് നിയന്ത്രിക്കുന്നതിൽ മുസ്ലിംലീഗ് പ്രവർത്തകർ കേഡർ സ്വഭാവത്തോടെ പ്രവർത്തിച്ചതും കാര്യങ്ങൾ എളുപ്പമാക്കി.

വിശിഷ്ടാതിഥികൾക്ക് വഴി ഒരുക്കിയും തിങ്ങിക്കൂടുന്നവരെ ക്യൂവിൽ നിൽക്കാൻ നിർദേശിച്ചുകൊണ്ടും വിശ്രമരഹിതമായി പ്രവർത്തിച്ചതിനാൽ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഒഴിവായി.



ശിഹാബ് തങ്ങളുടെ മൃതദേഹത്തിനരികെ
ഹൈദരലി ശിഹാബ് തങ്ങളും
ജനറൽ സെക്രട്ടറി പി.കെ. കുഞ്ഞാലിക്കുട്ടിയും



ശിഹാബ് തങ്ങളുടെ മൃതദേഹത്തിന് പാണക്കാട് ജുമാമസ്ജിദ് അങ്കണത്തിൽ സംസ്ഥാന ബഹുമതി നൽ

# സയ്യിദ് വംശം കേരളത്തിൽ

**ഒ.പി.എം സയ്യിദ് മുത്തുക്കോയതങ്ങൾ (മലപ്പുറം ഖാസി)**

കേരളത്തിൽ ഇസ്ലാം മതത്തിന് അടിത്തറയുണ്ടാക്കുന്നതിലും മതനിയമങ്ങൾക്കനുസൃതമായി ഇവിടത്തെ മുസ്ലിങ്ങൾക്ക് വ്യക്തമായ ദിശാബോധം നൽകിയതിലും മുഖ്യപങ്ക് വഹിച്ചവരാണ് തങ്ങൾ എന്നറിയപ്പെടുന്ന സയ്യിദ് വംശം. പ്രവാചകൻ മുഹമ്മദ്നബിയുടെ മകൾ ഫാത്തിമയുടെ സന്താനപരമ്പര. ആ പരമ്പരയിലെ നാല്പതാമത്തെ കണ്ണിയാണ് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ്തങ്ങൾ.

മതപ്രബോധനം ലക്ഷ്യമാക്കി സയ്യിദ് വംശം അറേബ്യയിൽനിന്ന് കേരളത്തിലെത്തുന്നത് മൂന്ന് നൂറ്റാണ്ട് മുമ്പാണ്. മദീനയിൽനിന്ന് ഇറാഖിലേക്കും അവിടെനിന്ന് യമനിലെ ഹളർമൗത്തിലേക്കും കുടിയേറിയ പ്രവാചകകുടുംബം അവിടെനിന്നാണ് കേരളത്തിലെത്തുന്നത്. കേരളവുമായി വ്യാപാരബന്ധം പുലർത്തിയിരുന്ന അറബ് വ്യാപാരസംഘങ്ങളിലൂടെയാണ് യമനിലെ സയ്യിദ് വംശം കേരളത്തിലെത്തുന്നത്. വിവിധഘട്ടങ്ങളിൽ ഒറ്റയായും സംഘമായും കേരളത്തിലെത്തിയ സയ്യിദുമാർക്ക് ഇവിടെനിന്ന് ലഭിച്ച സ്നേഹപൂർണമായ സമീപനമാണ് അവരെ ഇവിടെ പിടിച്ചുനിർത്തിയത്.

അറബി പദമല്ലാത്ത 'തങ്ങൾ' എന്ന പേരും ഇവിടെ വന്ന സയ്യിദുമാർക്ക് നാട്ടുകാർ ബഹുമാനസൂചകമായി നൽകിയതാണ് (കോഴിക്കോട്ടെ മുസ്ലിം പ്രമാണിമാരുപയോഗിച്ചിരുന്ന 'കോയ' എന്ന പദവും സയ്യിദുമാരുടെ പേരിനൊപ്പം ചേർന്നതും ഇങ്ങനെത്തന്നെ). പിന്നീട് തങ്ങളുടെ മക്കളുടെ വിളിപ്പേരുകളിലും സയ്യിദ് കുടുംബം ഈ കേരളത്തനിമ നിലനിർത്തി. പൂക്കോയ, മുല്ലക്കോയ, മുത്തുക്കോയ, ഉണ്ണിക്കോയ എന്നിങ്ങനെ. പാണക്കാട് മുഹമ്മദലി ശിഹാബ്തങ്ങളെ വീട്ടിൽ വിളിച്ചിരുന്നത് കോയഞ്ഞിക്കോയ എന്നാണ്.

സയ്യിദുമാർ പ്രവാചകപുത്രിയുടെ സന്താനപരമ്പരയാണെങ്കിലും പിന്നീട് പിതാക്കന്മാരുടെ പരമ്പരയിലേക്ക് ചേർത്ത് ഗോത്രങ്ങൾ (ഖബീല) രൂപംകൊണ്ടു. ഈ ഖബീലയുടെ പേരും പിന്നീട് സ്വന്തം പേരിനൊപ്പം ചേർത്തുതുടങ്ങി. മുഹമ്മദലി ശിഹാബ്തങ്ങൾ ഉൾക്കൊള്ളുന്ന തങ്ങൾകുടുംബം ശിഹാബുദ്ദീൻ ഗോത്രത്തിൽപ്പെട്ടവരാണ്. വളപട്ടണത്ത് മരണപ്പെട്ട സയ്യിദ് അലി ശിഹാബുദ്ദീൻ എന്നവരാണ് ഈ ഗോത്രത്തിൽ കേരളത്തിലെത്തിയ ആദ്യ വ്യക്തി. മുഹമ്മദ്നബിയുടെ 34-ാം തലമുറയിൽപ്പെട്ട ഇദ്ദേഹം ഹിജ്റ വർഷം 1181ലാണ് കേരളത്തിലെത്തിയത്. ഇദ്ദേഹത്തിൻെറ പിൻഗാമികൾ പിന്നീട് പേരിനൊപ്പം ശിഹാബുദ്ദീൻ എന്ന വാക്കും ഉപയോഗിച്ചിരുന്നു. ഇതിന് മാറ്റംവരുത്തി ശിഹാബ് എന്ന പദം ആദ്യമായുപയോഗിച്ചത് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ്തങ്ങളാണ്. എന്നാൽ ശിഹാബ്തങ്ങളുടെ പിതാവ് പൂക്കോയതങ്ങൾ പേരിനൊപ്പം ഗോത്രപ്പേര് ചേർക്കാതെ വീട്ടുപേര് ചേർത്ത് പി.എം.എസ്.എ പൂക്കോയതങ്ങൾ (പുതിയ മാളിയേക്കൽ സയ്യിദ് അഹ്മദ് പൂക്കോയതങ്ങൾ) എന്നാണ് ഉപയോഗിച്ചിരുന്നത്.

കേരളത്തിൽ ശിഹാബുദ്ദീൻ ഗോത്രത്തിൻെറ തുടക്കക്കാരനായ സയ്യിദ് അലി ശിഹാബുദ്ദീന് രണ്ട് മക്കളുണ്ടായിരുന്നു. അതിൽ സയ്യിദ് ഹുസൈനിലൂടെയാണ് ഗോത്രം വളർന്നത്. കണ്ണൂർ അറക്കൽ രാജകുടുംബത്തിൽനിന്നാണ് ഇദ്ദേഹം വിവാഹം ചെയ്തത്. ഇവരുടെ മൂത്ത മകനായ സയ്യിദ് മുഹ്ളാർ മലപ്പുറത്ത് താമസമാക്കി. ഇദ്ദേഹത്തിൻെറ മകനായ സയ്യിദ് ഹുസൈൻ ആറ്റക്കോയതങ്ങളാണ് താമസം പാണക്കാട്ടേക്ക് മാറ്റിയത്.

സാത്വികനും പണ്ഡിതനുമായ ഇദ്ദേഹത്തെ ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളെ പ്രോത്സാഹിപ്പിച്ചതിൻെറ പേരിൽ 1862ൽ വെല്ലൂരിലേക്ക് ബ്രിട്ടീഷ് ഭരണകൂടം നാടുകടത്തി.

ഇദ്ദേഹത്തിന് ആദ്യ ഭാര്യയിലുണ്ടായ മക്കളാണ് സയ്യിദ് മുഹമ്മദ് കോയഞ്ഞിക്കോയയും സയ്യിദ് അലിപൂക്കോയയും. ഇവരിൽ ജ്യേഷ്ഠൻെറ വീട് 'പുത്തൻപുരയ്ക്കൽ' എന്നും അനിയൻെറ വീട് 'കൊടപ്പനയ്ക്കൽ' എന്നുമാണറിയപ്പെട്ടത്. ജ്യേഷ്ഠനായ പുത്തൻപുരയ്ക്കൽ സയ്യിദ് മുഹമ്മദ് കോയഞ്ഞിക്കോ

യതങ്ങ
വായപി
നായസ
ത്തതിന
തങ്ങളെ
കൊടപ്പ
ചെയ്തു.
പി.എ
ത്തിൽത
വഗാഹം
ള്ളൂരിലെ
മകൾ അ
ദ്ദേഹം വ
ഇവരു
സയ്യിദ് മു



# വൻമരം വീണ ദുഃഖത്തിൽ കൊടപ്പനയ്ക്കൽ

മനസ്സ് തടാകംപോലെ ശാന്തം... വാക്കുകൾ പുഴയൊഴുകുംപോലെ ലളിതം... വിജ്ഞാനം സാഗരംപോലെ ഗഹനം... കൊടപ്പനയ്ക്കൽ തറവാടിൻെറ തണൽതേടി എത്തിയവർക്ക് മുന്നിൽ ആശ്വാസത്തിൻെറ പൂമരമായിരുന്നു ശിഹാബ് തങ്ങൾ. അതുകൊണ്ടുതന്നെ കൊടപ്പനയ്ക്കലെ മുറ്റത്ത് മാങ്കോസ്റ്റിൻ മരത്തിൻെറ ചുവട്ടിൽ ഒത്തുകൂടിയവരുടെ കണ്ണിൽ ഒരു വൻമരം വീണുപോയതിൻെറ ദുഃഖം നിഴലിച്ചിരുന്നു. തങ്ങളുടെ മൃതദേഹം അതിരാവിലെത്തന്നെ മലപ്പുറം ടൗൺഹാളിലേക്ക് പൊതുദർശനത്തിനായി കൊണ്ടുപോയെങ്കിലും പാണക്കാട്ടെ കൊടപ്പനയ്ക്കലേക്കുള്ള ജനപ്രവാഹം ഒരുസമയത്തും മുറിഞ്ഞിരുന്നില്ല. എല്ലാ വഴികളും പാണക്കാട്ടേക്ക് നീളുമ്പോൾ ഒഴുകിയെത്തിയ ജനസഞ്ചയത്തെ ഉൾക്കൊണ്ട് കൊടപ്പനയ്ക്കലെ പൂമുറ്റം നിറഞ്ഞുകൊണ്ടേയിരുന്നു.

മാങ്കോസ്റ്റിൻ മരത്തിന് കീഴെനിന്ന് പലരും പലതും ഓർത്തു. ഓർമകളിലെ വിശേഷങ്ങൾ കൈമാറുമ്പോൾ പലമുഖങ്ങളിലും കണ്ണുനീരിൻെറ നനവ്. വീട്ടുമുറ്റത്തെ ചെറിയ പള്ളിയിൽ ഇടതടവില്ലാതെ നമസ്കാരങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. തലേ രാത്രിയിലെ തിരക്കിൽ തകർന്ന കോലായിലെ ചാരുഭിത്തിക്കപ്പുറം കുറേപേർ... തിരക്കിൽ തകർന്ന ജനൽച്ചില്ലകൾ... ആരുടെയൊക്കെയോ ചെരിപ്പുകൾ... എല്ലാം സാക്ഷികളെപ്പോലെ കൊടപ്പനയ്ക്കലെ പൂമുറ്റത്ത് ചിതറിക്കിടന്നു.

നാട്ടുകാർക്കും ബന്ധുക്കൾക്കും പിന്നാലെ നിരവധി വിശിഷ്ട വ്യക്തികളും കടന്നുവന്നതോടെ പോലീസിന് പണിയേറി. തിരക്ക് നിയന്ത്രിക്കാൻ അണികൾ തന്നെ കൈകോർത്ത് മനുഷ്യച്ചങ്ങല തീർത്തെങ്കിലും അതെല്ലാം പലപ്പോഴും ഭേദിക്കപ്പെട്ടു.

ശിഹാബ് തങ്ങളുടെ സുഹൃത്തായിരുന്ന ദുബായിലെ ഷേഖുമാരിലൊരാളായ ഷേഖ് മുഹമ്മദ് അൽ ഇഹ്സാനും മറ്റും കടന്നുവന്നതോടെ ജനത്തിരക്കേറി. കടയ്ക്കൽ അബ്ദുൾഅസീസ് മൗലവിയടക്കമുള്ള പണ്ഡിതരും ഒന്നൊന്നായി എത്തിയതോടെ യാസീൻ അടക്കമുള്ള ഖുർ ആൻ സൂക്തങ്ങളാൽ മുഖരിതമായി പാണക്കാട്ടെ പൂമുറ്റം.

## നിമിഷങ്ങൾ ഇടവിട്ട് മയ്യിത്ത് നമസ്കാരം


കെ.എം.എ ഷുക്കൂർ

നഗരസഭാ ടൗൺഹാളിനു മുന്നിൽ ഞായറാഴ്ച പരന്നൊഴുകിയ പതിനായിരങ്ങൾക്ക് ഒരൊറ്റമനസ്സും പ്രാർഥനയുമായിരുന്നു. കാലങ്ങളായി പ്രതിസന്ധികൾക്കിടയിൽ സമുദായത്തെ കൈപിടിച്ച് മുന്നോട്ടു നയിച്ച തങ്ങളുടെ പ്രിയനായകനെ അവസാനമായി ഒരുനോക്കു കാണാനുള്ള ആഗ്രഹം ഏറെപ്പേർക്കും സഫലമാക്കാനായില്ല. തങ്ങളുടെ പരലോക ഗുണത്തിനായി ഇടതടവില്ലാതെ ഉച്ചഭാഷണിയിലൂടെ ഉയർന്ന പ്രാർഥനകൾക്ക് ആമീൻ പറഞ്ഞ് പലരും നിർവൃതി കൊണ്ട് മടങ്ങി.

ടൗൺഹാളിൻെറ മുൻവശത്ത് തങ്ങളുടെ മൃതദേഹം കിടത്തിയിട്ടുള്ള പവലിയനിൽനിന്ന് ഓരോ 10 മിനിട്ടിലും അബ്ദുസമദ് സമദാനിയുടെ അറിയിപ്പ് ഉച്ചഭാഷിണിയിലൂടെ വരികയായി. 'ശിഹാബ് തങ്ങളുടെ മയ്യിത്ത് നമസ്കാരത്തിന് തയ്യാറെടുക്കുക'. ആഹ്വാനം വരുന്നതോടെ മൃതദേഹം കാണാൻ കാത്തുനിന്നവർ കഅ്ബയെ അഭിമുഖീകരിച്ച് വരിനിൽക്കുകയായി. ശിഹാബ് തങ്ങളുടെ സഹോദരങ്ങളായ ഹൈദരലി ശിഹാബ് തങ്ങൾ, സാദിഖലി ശിഹാബ് തങ്ങൾ, അബ്ബാസലി ശിഹാബ് തങ്ങൾ എന്നിവരും പ്രമുഖ പണ്ഡിതരും ഓരോ ഊഴത്തിലും നമസ്കാരത്തിന് നേതൃത്വംനൽകിക്കൊണ്ടിരുന്നു. മയ്യിത്ത് നമസ്കാരത്തിൽ പങ്കെടുത്തവർ പിരിഞ്ഞുപോകണമെന്ന നേതാക്കളുടെ അറിയിപ്പിന് കാത്തിരിക്കാതെ അച്ചടക്കത്തോടെ ജനം പിൻവാങ്ങിയത് കാത്തിരുന്ന ബാക്കിയുള്ളവർക്ക് ആശ്വാസമേകി.

രാഷ്ട്രീയ-സാമൂഹികരംഗത്തെ നേതാക്കളോടൊപ്പം മതപണ്ഡിതരും അണമുറിയാതെ എത്തിക്കൊണ്ടിരുന്നു. മതപണ്ഡിതരിൽ പലരും ദീർഘമായ പ്രാർഥനകളിലേർപ്പെട്ടാണ് മടങ്ങിയത്. അതിരാവിലെത്തന്നെ പൂന്തുറ സിറാജിനോടൊപ്പം ടൗൺഹാളിലെത്തിയ പി.ഡി.പി ചെയർമാൻ അബ്ദുന്നാസർ മഅദനി തങ്ങളുടെ മൃതദേഹം കണ്ടതോടെ ഏറെ വികാരാധീനനായി. ദീർഘമായി പ്രാർഥിച്ചശേഷമാണ് അദ്ദേഹം മടങ്ങിയത്.

ശിഹാബ് തങ്ങളുടെ ആത്മശാന്തിക്ക് ദിക്റും ദുആകളും നടത്തണമെന്ന് ഓർമിപ്പിച്ചുകൊണ്ടായിരുന്നു കാന്തപുരം എ.പി. അബൂബക്കർ മുസ്ലിയാർ പ്രാർഥന ആരംഭിച്ചത്. മലപ്പുറത്തെ ഇബ്രാഹിമുൽ ഖലീലുൽ ബുഖാരി തങ്ങളും ദീർഘമായിത്തന്നെ പ്രാർഥിച്ചു.



തങ്ങളുടെ മൃതദേഹത്തിനരികെ പൊട്ടിക്കരയുന്ന കേന്ദ്രമന്ത്രി ഇ. അഹമ്മദ്

## വാക്കുകൾ കിട്ടാതെ നേതാക്കൾ...

സ്നേഹത്തിൻെറയും രമ്യതയുടെയും അവസാനവാക്കായ ആ മഹാമനസ്സൻെറ ഭൗതിക ശരീരത്തിനു മുമ്പിൽ വാക്കുകൾ കിട്ടാതെ നേതാക്കൾ നിന്നു. ഉള്ളിലെ സങ്കടം അടക്കിപ്പിടിച്ച് മൗനമായി നേതാക്കൾ കൂപ്പുകൈകളോടെ മടങ്ങിയപ്പോൾ കേന്ദ്രമന്ത്രി ഇ. അഹമ്മദിന് സങ്കടം അടക്കാനായില്ല. മലപ്പുറം കുന്നുമ്മൽ ടൗൺഹാളിൽ പൊതുദർശനത്തിനു വെച്ച തങ്ങളുടെ ഭൗതീകശരീരം കണ്ട് ജനക്കൂട്ടത്തിനു മുന്നിൽ അഹമ്മദ് പൊട്ടിക്കരഞ്ഞു; കൊച്ചുകുട്ടിയെപ്പോലെ. പതിറ്റാണ്ടുകൾ പിന്നിട്ട ആത്മബന്ധമായിരുന്നു അത്.

പൊട്ടിക്കരഞ്ഞ അദ്ദേഹത്തെ പ്രവർത്തകർ താങ്ങിപ്പിടിച്ച് ഹാളിനുള്ളിലിരുത്തുകയായിരുന്നു.


സത്യത്തിൻെറ മാർഗദർശിയും ആത്മീയരംഗത്തെ പ്രോജ്ജ്വല നക്ഷത്രവുമായിരുന്ന ശിഹാബ് തങ്ങളുടെ വേർപാട് ഉണ്ടാക്കിയ വേദന കക്ഷിരാഷ്ട്രീയത്തിനും ജാതിമതചിന്തകൾക്കും അതീതമായിരുന്നെന്ന് നേതാക്കൾ അനുസ്മരിച്ചു. അദ്ദേഹം പഠിപ്പിച്ചത് സ്നേഹത്തിൻെറ മാർഗമായിരുന്നു. വഴികാട്ടിയത് സത്യത്തിൻെറ നേർവഴിക്കും. കക്ഷിരാഷ്ട്രീയത്തിൻെറ ലോകത്ത് വ്യത്യസ്ത ധ്രുവങ്ങളിൽ നിന്നവരും അഭിപ്രായ വ്യത്യാസത്തിൻെറ പേരിൽ സമുദായത്തിൽനിന്ന് അകന്നവരും ഒരുപോലെ തങ്ങളെ സ്നേഹിച്ചിരുന്നു.

അതിൻെറ തെളിവായിരുന്നു കേരളത്തിനകത്തുനിന്നും പുറത്തുനിന്നും എത്തിയ രാഷ്ട്രീയ-സാംസ്കാരിക നേതൃത്വത്തിൻെറ ഒഴുക്ക്. എല്ലാവർക്കും പറയാൻ നല്ലതുമാത്രം ബാക്കിവെച്ച മുസ്ലിം രാഷ്ട്രീയത്തിലെ സൗമ്യസാന്നിധ്യം ഓർമയായി മാറിയത് പലർക്കും വിശ്വസിക്കാനായില്ല.

ഉച്ചയ്ക്ക് രണ്ടുമണിയോടെ കോഴിക്കോട് വിമാനത്താവളത്തിൽ കേന്ദ്രമന്ത്രി ഗുലാം നബി ആസാദിനൊപ്പമാണ് ഇ. അഹമ്മദ് എത്തിയത്. മലപ്പുറത്തെത്തിയ മിക്ക നേതാക്കളും പാണക്കാട് ജുമാമസ്ജിദിൽ നടന്ന ഖബറടക്കത്തിലും വൈകീട്ടോടെ മലപ്പുറത്ത് നടന്ന അനുസ്മരണ യോഗത്തിലും പങ്കെടുത്തശേഷമാണ് മടങ്ങിയത്.



# ...നിലാവ് ഇനി ഓർമ



കളാൽ മുഖരിതമായ കുറേ നിമിഷങ്ങൾ. നമസ്കാരത്തിന് നേതൃത്വം നൽകിയ ഹംസബാഫഖി തങ്ങൾ സലാം വീട്ടിക്കഴിഞ്ഞപ്പോഴും നമസ്കാരത്തിൽ പങ്കെടുക്കാൻ കഴിയാതെ നൂറുകണക്കിനാളുകൾ പുറത്തുനിൽപ്പുണ്ടായിരുന്നു. അവർക്കുവേണ്ടി വീണ്ടുമൊരു നമസ്കാരം. ഔദ്യോഗിക ബഹുമതികളുമായി കാത്തുനിന്നിരുന്ന പോലീസ്സേനയുടെ മുന്നിലേക്ക് മൃതദേഹം എത്തിക്കാൻ നന്നേ പണിപ്പെടേണ്ടിവന്നു.

ബഹുമതി ചാർത്തി ഔദ്യോഗിക ഗാനാലാപനത്തിനു ശേഷം ആകാശത്തേക്ക് മൂന്ന് റൗണ്ട് വെടി.... എല്ലാം കഴിഞ്ഞ് മയ്യിത്ത് ഖബറിലേക്കെടുമ്പോൾ സമയം മൂന്നുമണി കഴിഞ്ഞിരുന്നു.

ഹൈദരലി ശിഹാബ്തങ്ങൾ ഖബറിലേക്ക് ആദ്യപിടി മണ്ണിട്ടതിനു പിന്നാലെ മണ്ണിൻെറ മഴയായിരുന്നു. പ്രിയപ്പെട്ട നേതാവിൻെറ ഖബറിൽ ഒരുപിടി മണ്ണിട്ട് വണങ്ങാൻ ആയിരങ്ങളാണ് ഒഴുകിയെത്തിയത്. പിതാവ് പൂക്കോയതങ്ങൾ, സഹോദരൻ ഉമറലി ശിഹാബ് തങ്ങൾ, ഭാര്യ ഷരീഫ ഫാത്തിമബീവി എന്നിവരുടെ ഖബറിടത്തിനരികെ ശിഹാബ് തങ്ങൾക്കും അന്ത്യവിശ്രമം.

കേന്ദ്രമന്ത്രിമാരായ ഗുലാംനബി ആസാദ്, ഇ. അഹമ്മദ്, മന്ത്രി പ്രേമചന്ദ്രൻ, സ്പീക്കർ രാധാകൃഷ്ണൻ, ഉമ്മൻചാണ്ടി, എം.വി. രാഘവൻ, കെ.എം. മാണി..... പ്രമുഖരുടെ നിര എല്ലാംകണ്ട് പ്രാർഥനാപൂർവം നിന്നു. ലീഗിൻെറ എം.പിമാരും എം.എൽ.എമാരും നേതാക്കളും അണികളും ഒരേ സ്വരത്തിൽ ദിഖ്റുകൾ ഉരുവിട്ടുകൊണ്ടിരുന്നു.

അപ്പോഴും ഖബറിടത്തിലേക്ക് അടുക്കാൻ കഴിയാതെ, ഒരുപിടി മണ്ണിടാൻ കഴിയാതെ പോലീസ് വലയത്തിനപ്പുറം തിക്കിത്തിരക്കിയ നൂറുകണക്കിനാളുകളുടെ കണ്ണുകൾ ഖബറിടത്തിലേ[illegible] പ്രാർഥനാപൂർവം നീളുന്നു



മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ അന്ത്യോപചാരമർപ്പിക്കുന്നു

